**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ ഗുണഭോക്താക്കളായിട്ടുള്ള കുടിവെള്ള പദ്ധതികളുടെ വൈദ്യുത ചാർജ്ജ് പഞ്ചായത്ത് ഫണ്ടിൽ (എസ്.സി.പി. മെയിന്റനൻസ് ഫണ്ട്) നിന്നും നൽകുന്നതിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**സ.ഉ(സാധാ) നം.3065/2016/തസ്വഭവ തീയതി, തിരുവനന്തപുരം 10/11/2016**

**പരാമർശം** :- 1) ദളിത് ലീഗ് കോഴിക്കോട് ജില്ലാ സെക്രട്ടറി ശ്രീ.വി ബാബു പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി മുമ്പാകെ സമർപ്പിച്ച ഹർജി.

2) 26.10.2016-ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ ഇനം നമ്പർ 3.54 തീരുമാനം.

**<u>ഉത്തരവ്</u>**

പരാമർശം (1) -ലെ ദളിത് ലീഗ് കോഴിക്കോട് ജില്ലാ സെക്രട്ടറിയുടെ നിവേദന പ്രകാരം കുടിവെള്ള പദ്ധതികളുടെ വൈദ്യുത ചാർജ്ജ് സംബന്ധിച്ച് സർക്കാർ വിശദമായി പരിശോധിക്കുകയും പരാമർശം (2) – പ്രകാരമുള്ള തീരുമാന പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ ഗുണഭോക്താക്കളായിട്ടുള്ള കുടിവെള്ള പദ്ധതികളുടെ വൈദ്യുത ചാർജ്ജ് പഞ്ചായത്ത് ഫണ്ടിൽ (എസ്.സി.പി/മെയിന്റനൻസ് ഫണ്ട്) നിന്നും നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**എ.കെ.മോഹനകുമാർ**
ഗവ.ജോയിന്റ് സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും പ്രസിഡന്റുമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും പ്രസിഡന്റുമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖേന)
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം .
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

**<u>പകർപ്പ്</u>**:-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎസ്സിന്

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ.**